കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുന്നത്തൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-2016


## കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ
## സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

**e-mail:doklm.ksad@kerala.gov.in**

**(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)**

നം.കെ.എസ്.എ. കെ.എൽ.എം. പി.6 /1842/ 2016

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
തീയതി , 3.2.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നത്തൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കുന്നത്തൂർ ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ

പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ. കെ.എൽ.എം. പി6-1842/2016 തീയതി:04/02/2017.

## കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-7-16 മുതൽ 22-10-16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.12 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | : | ശ്രീമതി.ഗീത.എം<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 24/10/16 മുതൽ 2/11/16 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.അജി.കെ.എസ് | ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.പത്മകുമാരി.എൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ശ്രീജ.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.ജമീലബീവി.എം | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.അനുപമ പി.ടി. | 1-4-15 മുതൽ 31-10-15 വരെ |
| | | ഭരണ നിർവ്വഹണ സമിതി | 01-11-15 മുതൽ 18-11-15വരെ |
| | | ശ്രീ.രവീന്ദ്രൻ.സി | 19-11-15 മുതൽ 31-03-16 വരെ |
| സെക്രട്ടറി | : | ശ്രീ.ദിലീപ് കുമാർ. | 1-4-15 മുതൽ 2-6-15 വരെ |
| | | ശ്രീ.ജി.സുനിൽകുമാർ | 5-6-15 മുതൽ 12-8-15 വരെ |
| | | ശ്രീമതി.സീമ.കെ | 12-8-15 മുതൽ 31-3-16 വരെ |
| **<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>** | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | | ശ്രീമതി.എൻ.ഇന്ദിര | 1-4-15 മുതൽ 9-7-15 വരെ |
| | | അനിൽകുമാർ.ജി (ഇൻ ചാർജ്) (ഹെഡ് ക്ലാർക്ക്) | 10-7-15 മുതൽ 12-7-15 വരെ |
| | | ശ്രീ.ബിനോയി.എം.ജി. | 13-7-15 മുതൽ 20-8-15 വരെ |
| | | ശ്രീ.ടി.സുരേഷ് കുമാർ | 20-8-15 മുതൽ 31-12-15 വരെ |
| | | ശ്രീ.കെ. വിദ്യാധരൻ | 1-1-16 മുതൽ 31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ, | | ശ്രീമതി.ദിവ്യ | 1-4-15 മുതൽ 28-6-15 വരെ |

| | | | |
|---|---|---|---|
| എൽഎസ്.ജി.ഡി. | | | |
| | | ശ്രീ.ഷാനവാസ് | 29-6-15 മുതൽ 31-03-16 വരെ |
| കൃഷി ഓഫീസർ | | ശ്രീ.പി.തുളസീധരൻ പിള്ള | 1-4-15 മുതൽ 31-03-16വരെ |
| വെറ്ററിനറി സർജൻ | | ഡോ.അജിലാസ്റ്റ് | 1-4-15 മുതൽ 16-5-15(എ.എം)വരെ |
| | | ഡോ.പ്രദീപ് ആനന്ദ് | 16-5-15 (പി.എം)മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | | ഡോ.അനൂപ്.എസ് | 1-4-15 മുതൽ 22-9-15 വരെ |
| | | ഡോ.അനീസ്.എച്ച് | 23-9-15 മുതൽ 30-12-15 വരെ |
| | | ഡോ.ജാസ്മിൻ.എ | 31-12-15 മുതൽ 12-01-16 വരെ |
| | | ഡോ.ശ്രീഹരി.എ.ആർ | 13-1-16 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | | ഡോ.സുജ.കെ.ജോൺ | 1-4-15 മുതൽ 31-03-16 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | | ഡോ.സജീവ് | 1-4-15 മുതൽ 31-03-16 വരെ |
| ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ്., ഐവർകാല | | ശ്രീ.സത്യ ബാബു | 1-4-15 മുതൽ 14-06-15 വരെ |

| | | | |
|---|---|---|---|
| | | ശ്രീ.പ്രസാദ് | 15-6-15 മുതൽ 31-03-16 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഒാഫീസർ | | ശ്രീ.ദീപു.ടി | 1-4-15 മുതൽ 31-03-16 വരെ |
| ഐ.സി.ഡി.എസ്. , സൂപ്പർവൈസർ | | ശ്രീമതി.താരാഭായ് | 1-4-15 മുതൽ 19-8-15 വരെ |
| | | ശ്രീമതി.പത്മലത | 20-8-15 മുതൽ 31-03-16 വരെ |

## ഉള്ളടക്കം


| ക്രമ നം. | **ഭാഗം 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | **ഭാഗം 2** | |

| | | |
|---|---|---|
| 12 | മണൽ വരവ് അപാകതകൾ | 2-1 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 |
| 14 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 |
| 15 | വസ്തുനികുതി – സേവന നികുതി - തനത് വരുമാനം വർദ്ധിനവിനുള്ള മാർഗം ഉപയോഗപ്പെടുത്തുന്നില്ല | 2-4 |
| | **ഭാഗം 3** | |
| 16 | റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി | 3-1 |
| 17 | ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ – അപാകതകൾ | 3-2 |
| 18 | പി.എച്ച് .സി ഇലക്ട്രിഫിക്കേഷൻ -അധികം തുക നൽകി – 1497/- രൂപ | 3-3 |
| 19 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് കരാർ പ്രകാരമുള്ള കാലയളവ് വരെ നടത്തുന്നില്ല. | 3-4 |
| 20 | HVO-മാർക്ക് ഹോണറേറിയം - തനതു ഫണ്ടിൽ നിന്ന് നൽകിയ ഇലക്ഷൻ കമ്മീഷൻ വിഹിതം തിരികെ ഈടാക്കിയിട്ടില്ല. | 3-5 |
| 21 | കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-6 |
| 22 | മരുന്ന് ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നു | 3-7 |
| 23 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ | 3-8 |
| 24 | കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയർ, സോഫ്റ്റ്‌വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 3-9 |

| | | |
|---|---|---|
| 25 | സബ്സിഡി തുക അധികരിച്ച് നല്കി | 3-10 |
| 26 | ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 3-11 |
| 27 | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു | 3-12 |
| 28 | സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തി | 3-13 |
| 29 | വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല | 3-14 |
| 30 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി | 3-15 |
| | **ഭാഗം 4** | |
| 31 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |

## ഭാഗം -1
## പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2015-2016 വർഷത്തെ പുതുക്കിയ ബജറ്റ് 10/2/16 തിയതിയിലെ 5-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-16 | 28-7-16 | - | - |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2015-2016 | 2-11-16 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് |

### ന്യൂനതകൾ

1.ആസ്തി രജിസ്റ്റർ മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തി മൂല്യം തിട്ടപ്പെടുത്തൽ കാലികമായിട്ടില്ല.

2. ബജറ്റ് ഫംഗ്ഷൻ ഫംക്ഷനറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത് എന്നതിനാൽ സാംഖ്യ അക്കൌണ്ടുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24220007 |
| വരവ് | 38732655 |
| ആകെ | 62952662 |
| ചെലവ് | 58560496 |
| നീക്കിയിരിപ്പ് | 4392166 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 2013932 | 8843844 | 10857776 | 10857776 | 0 | 100 |
| വികസന ഫണ്ട് എസ്.സി.പി. | 3929162 | 5101043 | 9030205 | 9030205 | 0 | 100 |
| വികസന ഫണ്ട് ടി.എസ്.പി. | 21000 | 0 | 21000 | 21000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 582764 | 2213455 | 2796219 | 2796219 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 1374241 | 2487607 | 3861848 | 3861848 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1153291 | 4571987 | 5725278 | 5725278 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3152053 | 2592489 | 5744542 | 5744542 | 13830 | 99 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 0 | 494058 | 494058 | 490915 | 3143 | 99 |
| ബി ഫണ്ട് | | 23548160 | 23548160 | 23548160 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളു |
|---|---|---|---|---|---|---|

| | | | | | | ടെ ശത മാനം |
|---|---|---|---|---|---|---|
| 206 | 40939788 | 150 | 34073721 | 51 | 5 | 73 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1)44/16 – വാഴകൃഷി വികസനം

2)181/16 – കല്ലുമൺശ്ശേരി റോഡ് കോൺക്രീറ്റിംഗ്

3)95/16 – വീട് നവീകരണം

4)77/16 – ഭൂരഹിതർക്ക് ഭൂമി വാങ്ങൽ

5)14/1 – സ്റ്റുഡൻസ് പോലീസ് കേഡറ്റ്

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 66 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2879775 | 2562840 | 316935 | (-)11 |
| നികുതിയേതര വരവുകൾ | 380498 | 374812 | 5686 | (-)1.5 |
| മറ്റുവരവുകൾ | 8993084 | 1517136 | 7475948 | (-)83 |
| ആകെ | 12253357 | 4454788 | 7798569 | (-)63.6 |

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 486720 | 271 |
| കർഷക തൊഴിലാളി പെൻഷൻ | 1968510 | 234 |
| വിധവാ പെൻഷൻ | 10140920 | 1065 |
| വാർദ്ധക്യകാലപെൻഷൻ | 7781430 | 1644 |
| വികലാംഗപെൻഷൻ | 3170580 | 316 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31-10-16 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3695/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണം.

വ്യപാര സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്യിട്ടില്ല. ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല. കെട്ടിട നികുതി വരവുമായി ബന്ധപ്പെട്ട അസസ്മെന്റ് രജിസ്റ്ററുകൾ അപൂർണമായാണ് തയ്യാറാക്കി സൂക്ഷിച്ചിരിക്കുന്നത്. മണൽ വരവുമായി ബന്ധപ്പെട്ട രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഏതാനും ഡി & ഒ ലൈസൻസ് അപേക്ഷകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. നികുതി ഇനങ്ങളിൽ കുടിശ്ശികയായി വൻ തുക ഈടാക്കാൻ അവശേഷിച്ചിട്ടും സാമ്പത്തിക വർഷത്തിന്റെ അവസാനമാണ് നികുതി പിരിവിനായി രസീതുബുക്കുകൾ ഇഷ്യൂ ചെയ്തിരിക്കുന്നത്. കാലതാമസം നേരിടാതെ നികുതി പിരിവ് നടത്തുന്നതിനം കുടിശ്ശിക തുക ഈടാക്കുന്നതിനം അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-4-16 | 2/16-3/16 | 14-7-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6-9-16 | 2011-2016 | ലഭിച്ചിട്ടില്ല |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 മണൽ വരവ് അപാകതകൾ

പഞ്ചായത്തിന്റെ വിവിധ കടവുകളിൽ നിന്നും മണൽ വാരുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പാസ്സിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ 2014-15 സാമ്പത്തിക വർഷം അച്ചടിച്ച് വന്ന 150 പാസ്സുകൾ

ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി പാസ്സുകൾ നൽകിയ ആളിൻ്റെ പേര്, തീയതി, കടവ് എന്നിവ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. 2015-16 സാമ്പത്തിക വർഷം ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രമാണ് മണൽ ഇനത്തിൽ വരവുള്ളത്. ആയതിന് ശേഷം നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അമ്പലക്കടവ്, മേലൂർകടവ്, ഇരുവീട്ടുകാലകടവ്, പള്ളിക്കൽ ഏന്നിവയാണ് കടവുകൾ. 15-5-2016 തീയതിയിൽ അമ്പലക്കടവിൽ 9 പാസ്സുകൾ നൽകിയിരുന്നു. മണൽ രജിസ്റ്ററിൽ ടി ദിവസം പാസ്സ് നല്കിയതായി രേഖപ്പെടുത്തിയിട്ടില്ല. 9 പാസ്സുകൾ വിതരണം ചെയ്ത ഇനത്തിൽ ഉള്ള വരവായ 23616/- രൂപയുടെ ഒടുക്ക് വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയോടൊപ്പം ലഭ്യമാക്കിയ ഡേ ബുക്കിൽ ഇരുവീട്ടുകാല കടവിൽ നിന്നും 23616/- രൂപ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുള്ളതും ക്ലറിക്കൽ പിശകായി അമ്പലക്കടവിന് പകരം ഇരുവീട്ടുകാല കടവ് എന്ന് അച്ചടിച്ചതായും മറുപടിയിൽ സൂചിപ്പിക്കുന്നു. എന്നാൽ വിതരണ വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇരുവീട്ടുകാല കടവിൽ പാസ്സുകൾ അനുവദിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടിട്ടില്ല. പാസ്സ് വിതരണവുമായി ബന്ധപ്പെട്ട വിശദ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

2-2 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) 2015-2016 സാമ്പത്തിക വർഷം ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | സർവീസ് സഹകരണ ബാങ്ക് 2006, ഐവർകാല | I,II |
| 2 | ശ്രീദുർഗ കാഷ്യു ഫാക്ടറി, കുന്നത്തൂർ | I,II |
| 3 | സെന്റ് മേരീസ് കാഷ്യു ഫാക്ടറി, തുരുത്തിക്കര | I |
| 4 | സർവീസ് സഹകരണ ബാങ്ക് 193, ഐവർകാല | I,II |

2)2015-2016 സാമ്പത്തിക വർഷം ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | സർവീസ് സഹകരണ ബാങ്ക് 2006, ഐവർകാല | I,II |
| 2 | ശ്രീദുർഗ കാഷ്യു ഫാക്ടറി, കുന്നത്തൂർ | I,II |

| | | |
|---|---|---|
| 3 | മിൽക്ക് സൊസൈറ്റി Q NO(122D), പനന്തോപ്പ് | II |
| 4 | സർവീസ് സഹകരണ ബാങ്ക് 193, ഐവർകാല | I,II |
| 5 | ശ്രീദുർഗ കാഷ്യു ഫാക്ടറി, ഐവർകാല | I,II |
| 6 | സെന്റ് പോൾസ് കാഷ്യു ഫാക്ടറി, ഐവർകാല | I,II |
| 7 | KSCDCLtd.ഫാക്ടറി നം-30, കുന്നത്തൂർ | II |
| 8 | മിന്ന ഹോസ്പിറ്റൽ, ഐവർകാല | II |
| 9 | KSEB അടൂർ | I,II |
| 10 | ഇലക്ട്രിക്കൽ ഡിവിഷൻ, കൊട്ടാരക്കര | I,II |
| 11 | BSNL കുന്നത്തൂർ | I,II |

3) ഗ്രാമ പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ചെയ്ത കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി(നം. 5/30-10-16) നൽകി- യതിനെ തുടർന്ന് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. കരാറുകാരിൽ നിന്നം തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2-3 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2015-2016 വർഷത്തെ ഡി ആന്റ് ഓ ലൈസൻസ് പരിശോധനയ്ക്ക് രേഖകൾ ആവശ്യപ്പെട്ടപ്പോൾ ഏതാനും അപേക്ഷകൾ മാത്രമാണ് ഹാജരാക്കിയത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന 858 കെട്ടിടങ്ങളുണ്ട്. എന്നാൽ 120 വാണിജ്യ സ്ഥാപനങ്ങൾ മാത്രമേ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ എന്നാണ് ഡി ആന്റ് ഓ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോധ്യമാകുന്നത്. ബാക്കിയുള്ള 738 കെട്ടിടങ്ങൾ അനധികൃതമായി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്നു. ആകെ 858 വ്യാപാര സ്ഥാപനങ്ങൾ ഉള്ളതിൽ 120 സ്ഥാപനങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് മാത്രവുമല്ല ഡിമാന്റ് തുക പിരിച്ചെടുക്കുവാനും അവശേഷിക്കുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232-(1)ൽ പഞ്ചായത്തിലെ യാതൊരു സ്ഥലവും സെക്രട്ടറി നൽകുന്ന അനുമതിയില്ലാതെ/ ലൈസൻസില്ലാതെ ഉപയോഗിച്ചുകൂടാ എന്ന് വ്യക്തമാക്കുന്നുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് ഡി & ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ

ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടിയും അറിയിക്കേണ്ടതുമാണ്.

2-4 വസ്തുനികുതി - സേവന നികുതി - തനത് വരുമാന വർദ്ധനവിനുള്ള മാർഗം

2011 ലെ കേരള പഞ്ചായത്ത്രാജ് (വസ്തുനികുതി സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിൽ ചട്ടം 26 ൽ 2011 ഏപ്രിൽ മുതൽ ഏതൊരു കെട്ടിട ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നുണ്ടെങ്കിൽ 10% ൽ കുറയാത്ത സേവന ഉപനികുതി ഈടാക്കാവുന്നതാണ് എന്ന് അനുശാസിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും മേൽ സേവനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും സേവന നികുതി ഈടാക്കി കാണുന്നില്ല. ആയത് ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി

2015-2016 വർഷത്തിൽ നടത്തിയ പൊതുമരാമത്ത് പ്രവൃത്തികളിൽ റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നല്കിയിട്ടുണ്ട്. 30.06.2015 ന് സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളിൽ 20 mm മെറ്റൽ ഉപയോഗിച്ചുള്ള 1:2:4 കോൺക്രീറ്റിംഗിനാണ് അധിക നിരക്ക് നല്കിയത്. ടി കോൺക്രീറ്റിംഗിന് അനുവദനീയമായ ബേസിക് റേറ്റ് 2014 DSR കോഡ് 4.1.3 പ്രകാരമാണ്. എന്നാൽ കോഡ് 11-7 പ്രകാരമുള്ള തുക ഉൾപ്പെടുത്തിയാണ് (ബേസിക് റേറ്റ് 5721.01) എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുള്ളത്. റോഡ് വർക്കുകളിൽ ഫിനിഷിംഗ് ആവശ്യമില്ലാത്തതിനാൽ ഇപ്രകാരമുള്ള തുക അനുവദനീയമല്ല. കോഡ് 4.1.3 പ്രകാരമുള്ള റേറ്റ് താഴെപ്പറയും പ്രകാരമാണ്.

Cost for 1m$^3$

Code Material Unit Quantity Rate Amount

0295 Stone Aggregate(sing.size)

20mm nominal size cum 0.670 1175 787.25

0.297 Stone Aggregate(sing.size)

10mm nominal size cum 0.220 1175 258.50

2202 Carriage of stone aggret below

40mm nominal size cum 0.890 106.49 94.78

0982 Coarse sand(zone 11) cum 0.445 1200 534

2203 Carriage of Coarse sand cum 0.445 106.49 47.39

0367 Portland Cement(0.2225 cum) tonne 0.320 6300 2016.00

2209 Carriage of Cement Labour tonne 0.320 94.65 30.29

0155 Mason (average) day 0.100 417 41.70

0114 Beldor day 1.630 329 536.27

0101 Bhisti day 0.700 363 254.10

0002 Hire charges of concrete mixer

0.25 to 0.40 cum with Hopper day 0.070 800 56.00

0012 Vibrator day 0.070 350 24.50

9999 Sundries LS 14.300 1.78 25.45

Total 4706.23

Add Water charges @ 1% 47.06

Total 4753.29

Add CPOH @ 15% 712.94

Cost of 1 cum 5466.28
Say 5466.30

കൺവീനർ വർക്കിന് 4753.29 രൂപയും കോൺട്രാക്ടർക്ക് 5466.30 രൂപയുമാണ് അനുവദനീയമായ ബേസിക് റേറ്റ്. 31-7-2015 വരെ സാങ്കേതികാനുമതി ലഭിച്ച വർക്കുകളിൽ cost index 1.419 ഉൾപ്പെടെ കൺവീനർ വർക്കുകൾക്ക് 6744.91 രൂപയും കരാർ വർക്കുകൾക്ക് 7756.67 രൂപയുമാണ് അനുവദിയ്ക്കാവുന്നത്. എന്നാൽ എസ്ററിമേറ്റിൽ D.S.R Code 11-7 രേഖപ്പെടുത്തുകയും കൺവീനർ വർക്കിന് 6962.30 രൂപയും കരാർ വർക്കിന് 8006.65 രൂപയും അനുവദിച്ചത് വഴി താഴെപ്പറയും പ്രകാരം 75962/-രൂപ അധികം ചെലവായിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം./വർക്കിന്റെ പേര്, എസ്റ്റിമേറ്റ് തുക | സാങ്കേതികാനുമതി | എസ്റ്റിമേറ്റ് നം/ തീയതി | കരാറുകാരൻ/ കൺവീനർ | എം. ബുക്ക്/ അളവ് | നൽകിയ നിരക്ക്/ തുക | അനുവദിക്കാവുന്ന നിരക്ക്/ തുക | അധികം നൽകിയ തുക | ബിൽ നം./ തീയതി/ ചെക്ക് നം. |
|---|---|---|---|---|---|---|---|---|---|
| 1 | so-166/16<br>കടുവിനാൽ കല്ലിക്കാട്ട് പെല്ലത്ത് റോഡ് വികസന ഫണ്ട് –എസ്.സി.പി.<br>375000/-രൂപ | 410/15-16/<br>AEE/SBP/<br>4-7-15 | 25/AE/<br>LS GD/<br>2015-16/<br>4-8-16 | രാജേന്ദ്രൻ | 20/15-16/<br>19.115<br>m3 | 6962.36<br>133084 | 6744.91<br>128928 | 4156 | 25/15-16/<br>30-9-15<br>371391 |
| 2 | 204/16<br>പെരും പള്ളിമുക്ക്-കുഴിത്തുണ്ടിൽ മുക്ക് തനത് ഫണ്ട് | 388/15-16/<br>AEE/ SBP/<br>4-7-15 | 33/AE/<br>LS GD/<br>15-16/<br>4-8-15 | ദേവരാജൻ നായർ | 23/ 15-16/<br>17m3 | 6962.3<br>118359 | 6744.91<br>114663.1 | 3696 | ചലാൻ നം. 1318 487/ 13-10-15<br>318 221 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 320000/- രൂപ | | | | | | | | |
| 3 | So149/16<br>കോശ്ലേക്കാട്ട് – കുഴിപ്പാടം ഏലാ റോഡ്<br>തനത് ഫണ്ട്<br>10000/- രൂപ | 379/15 -16/<br>AEE/ SBP/<br>4-7-16 | 37/AE/<br>LS GD/<br>2015- 16/<br>12-8 -15 | ശ്രീധരൻ നായർ | 34/15 -16<br>5.30 | 6962.30<br>36900 | 6744.91<br>35748 | 1152 | 01255/<br>21-11- 15 |
| 4 | 231/16<br>കടുവിനാൽ കല്ലിക്കാട്<br>പെല്ലത്ത് റോഡ്<br>പ്ലാൻ ഫണ്ട് | 490/15 -16/<br>AEE/ SBP/<br>2-2- 16 | 79/AE/<br>LSGD/<br>2015-16/ | ശിവ പ്രസാദ് | 66/15- 16<br>5.70 $m^3$ | 6962.30<br>39685 | 6744.91<br>38443 | 1242 | 70/15 -16<br>124\ 980 |
| 5 | 179/16<br>അമ്പുവിള- കാനിയിൽ<br>മുക്ക് റോഡ്<br>വികസന ഫണ്ട്<br>100000/- രൂപ | 391/15- 16/<br>AEE /SBP/<br>4-7- 15 | 61/AE/<br>LS GD/<br>2015- 16/<br>19-9- 15 | ജയ കുമാർ<br>(കൺവീനർ) | 32/15- 16<br>5.2m3 | 6962.31<br>36204 | 6744.91<br>35074 | 1130 | 28/15- 16<br>9-11- 15<br>97420 |
| 6 | 159/15-16<br>വാഴവിള- കുരു- മ്പോല്ലിൽ റോഡ്<br>പ്ലാൻ ഫണ്ട്<br>100000/- രൂപ | 395/<br>15-16/<br>AEE/<br>SBP/<br>4-7- 15 | 36/AE/<br>LS GD/<br>2015- 16/<br>12-8- 15 | (കൺവീനർ) | 16/15 -16<br>5.3m3 | 6962.3<br>36900 | 6744.91<br>35748 | 1152 | 31/15- 16<br>9-11- 15<br>99846 |
| 7 | 205/16<br>തൃക്കാദേശ്വരം-<br>പൂമല കോളനി<br>റോഡ്<br>പ്ലാൻ ഫണ്ട്<br>92000/- രൂപ | 390/15- 16/<br>AEE/SBP/<br>4-7-15 | 32/AE/<br>LSGD/<br>2015-16/<br>4-8-16 | ഹരി കുമാർ | 24/15 -16<br>4.8m3 | 6962.36<br>33419.04 | 6744.91<br>32376 | 1043 | 30/15- 16<br>9-11- 15<br>90994 |
| 8 | So145/16<br>തലയാറ്റ്- പൂതുച്ചിറ റോഡ്<br>തനത് ഫണ്ട്<br>450000/- രൂപ | 400/15- 16/<br>AEE/SBP/<br>4-7-15 | 64/AE/<br>LSGD/<br>2015-16/<br>19-9-15 | ബാബു | 43/15 -16<br>23.676 | 6962.31<br>164839.4 | 6744.91<br>159692 | 5147 | 12561<br>1-12- 16<br>44877 |
| 9 | 154/16 | 387/15- 16/ | 42/AE/ | രാധാ കൃഷ്ണൻ | 31/15 -16 | 6962.3<br>70667 | 6744.91<br>68461- | 2206 | 34/15- 16 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | മുള്ളുക്കാല മുക്ക് -<br>ചിറവടക്കേക്കര<br>പ്ലാൻ ഫണ്ട്<br>200000/- രൂപ | AEE/ SBP/<br>12-8-15 | LS GD/<br>2015-16/<br>12-8 -15 | | 10.15 | | | | 13-11 -15<br>200 000 |
| 10 | 197/16<br>പൂതക്കുഴി-മുണ്ടൂർ ജംഗ്ഷൻ റോഡ്<br>ലോക ബാങ്ക്<br>190000/- രൂപ | 384/15-16/<br>AEE/ SBP/<br>4-7-15 | 41/AE/<br>LS GD/<br>2015-16/<br>12-8-15 | ലതാ കുമാരി | 42/15-16<br>9.9 m3 | 6962.3<br>68927 | 6744.91<br>66775 | 2152 | 58/15-16<br>18-2-16<br>188 834 |
| 11 | 138/16<br>ഭരണിക്കാവ് – നായാട്ട് തറ റോഡ്<br>ലോക ബാങ്ക്<br>2,80,000/- രൂപ | 397/15-16/<br>AEE/ SBP/<br>4-7 -15 | 39/AE/<br>LS GD/<br>2015 -16/<br>12-8-15 | ചന്ദ്രശേഖര പിള്ള | 28/15 -16<br>14.80 | 6962.31<br>103042.01 | 6744.91<br>99824.52 | 3217 | 28/15-16<br>9-11-15<br>264 046 |
| 12 | 139/16<br>കൊല്ലന്റഴികത്ത്<br>ഭരണിക്കാവ്<br>തനത് ഫണ്ട് | 382/15-16/<br>AEE/ SBP/<br>4-7-15 | 45/AE/<br>LS GD/<br>2015-16/<br>22-8-15 | മധുസൂധനൻ പിള്ള | 38/15 -16<br>7.9 | 6962.31<br>55002 | 6744.91<br>53284 | 1718 | 012687/<br>22-12-15<br>139 800 |
| 13 | So 174/16<br>തയ്യൽ മുക്ക്-പനച്ചിവിള<br>150000/- രൂപ<br>തനത് ഫണ്ട് | 386/15 -16/<br>AEE/ SBP/<br>4-7 -15 | 48/AE/<br>LS GD/<br>2015-16/<br>8-9-15 | അനിൽ കുമാർ | 44/ 15-16<br>8 $m^3$ | 6962.3<br>55698 | 6744.91<br>53959 | 1739 | 12671/<br>14-12-15<br>139 963 |
| 14 | So155/16<br>കിണറുവിള-<br>തമിഴ്ക്കുളം ഏലാ റോഡ്<br>2500000/- രൂപ | 394/15-16/<br>AEE/ SBP/<br>4-7-15 | 26/AE/<br>LS GD/<br>2015 -16/<br>4-8-15 | വിനോദ് .എസ് | 22/15-16<br>13.03<br>$m^3$ | 6962.3<br>90718.77 | 6744.91<br>87886 | 2832 | 29/15-16<br>9-11 -15<br>250000 |
| 15 | 133/16<br>ഏഴാം മൈൽ-ശിവഗിരി കോളനി റോഡ് | 172/15-16/<br>AEE/ SBP/<br>22-6-13 | 3/AE/<br>LS GD/<br>2015 -16/ | വിശ്വംഭരൻ | 12/15-16<br>13.721 $m^3$ | 8006.55<br>109859 | 7756.67<br>106429 | 3450 | 22/15-16<br>23-9-15<br>282245 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 300000 /-രൂപ plan -scp | | 29-7-15 | | | | | | |
| 16 | 156/16 വായനശാലമുക്ക്-തമിഴകം കുളം 200000/-രൂപ തനത് ഫണ്ട് | 409/15-16/ AEE/ SBP/ 4-7-15 | 27/AE/ LS GD/ 2015-16/ 4-8-15 | രവീന്ദ്രൻ പിള്ള | 27/15-16/ 9.643 | 6962.30 67137.48 | 6744.91 65041 | 2096 | 1318490 26-10-15 200000 |
| 17 | So 153/16 കൊയ്യപള്ളി വിള-ലക്ഷംവീട് കോളനി | 411/15-16/ AEE/ SBP/ 4-7-15 | 38/AE/ LS GD/ 2015-16/ 4-8-16 | രഞ്ജിത് | 29/15-16 15.4 | 6962.30 107219.42 | 6744.91 103871.46 | 3348 | 45/15-16/ 21-1-16 299718 |
| 18 | So132/16 തേക്കുംചേരി-പാറമല 200000/-രൂപ തനത് ഫണ്ട് | 173/15-16/ AEE /SBP/ 22-6-15 | 2/AE/ LS GD/ 2015-16/ 29-7-15 | വിശ്വംഭരൻ | 52/15-16 9.6 m3 | 8006.65 76863 | 7756 74457 | 2406 | 198052 19-2-16 4034573 |
| 19 | 141/16 പൂവണ്ണാൻ-വേമ്പനാട്ടുഴികത്ത് 400000/-രൂപ ലോക ബാങ്ക് | 393/15-16/ AEE/ SBP/ 11-7-15 | 44/AE/ LS GD/ 2015-16/ 22-8-15 | വിപിൻ | 31/15-16 21.15 | 6962.30 147252.65 | 6744.91 142654.63 | 4598 | 36/15-16 31-12-15 399210 |
| 20 | 203/16 തറമ്മേൽ മുക്ക് -പൂമല കോളനി ലോക ബാങ്ക് 377568/-രൂപ | 392/15-16/ AEE /SBP/ 4-7-15 | 43/AE/ LS GD/ 2015-16/ 12-8-15 | രാധാകൃഷ്ണൻ | 59/15-16 20.10 m3 | 6962.30 139942 | 6744.91 135572 | 4370 | 64/15-16/ 25-2-16 377568 |
| 21 | 209/16 നസ്രേത്ത് -മാനാമ്പുവ ഏലാ റോഡ് 350000/-രൂപ 13th-F.C | രേഖപ്പെടുത്തിയിട്ടില്ല | 24/AE/ LS GD/ 2015-16/ 4-8-15 | ഡാനിയൽ തരകൻ | 25/15-16 18.48 | 6962.30 128663 | 6744.91 124645 | 4018 | 51/15-16/ 29-1-16 112758 |
| 22 | 148/16 | 389/15-16/ | 30/AE/ | അനിൽ | 26/15-16 | 6962.30 | 6744.91 | 3391 | 27/15-16 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ചക്കാല മുക്ക-ആയൂർവേദ ആശുപത്രി<br>300000/- രൂപ | AEE/ SBP/<br>4-7-15 | LS GD/<br>2015-16/<br>4-8-15 | | 15.6 m3 | 108611 | 105220 | | 9-11-15<br>295734 |
| 23 | 176/16<br>കുന്നുവിള - കാച്ചാ നേത്ത്<br>250000/- രൂപ<br>World Bank | 380/ 15-16/<br>AEE/ SBP/<br>4-7-15 | 62/AE/<br>LS GD/<br>2015-16/<br>19-9-15 | ഹരി കുമാർ (കൺ വീനർ) | 33/15-16<br>13.20<br>m3 | 6962.30<br>91902.3 | 6744.91<br>89032 | 2870 | 60/15-16<br>18-2-16<br>249991 |
| 24 | 195/16<br>കൊപ്പാര ജംഗ് ഷൻ-ചരുവിള<br>300000/-രൂപ<br>scp | 381/ 15-16/<br>AEE/ SBP/<br>4-7-15 | 56/AE/<br>LS GD/<br>2015-16/<br>14-9-15 | മോഹനൻ<br>(കൺ വീനർ) | 40/15-16<br>15.8 | 6962.30<br>110004.34 | 6744.91<br>106569.57 | 3435 | 43/15-16<br>21-1-16<br>298945 |
| 25 | 202/16<br>കൊറ്റങ്കര -ക്ലസ്റ്റർ കോളനി<br>300000/- രൂപ<br>13th-F.C | 398/15-16/<br>AEE/ SBP/<br>4-7-15 | 5/AE/<br>LS GD/<br>2015-16/<br>29-7-15 | വിശ്വ നാഥൻ പിള്ള | 9/15-16<br>15.3 | 6962.30<br>106523.19 | 6744.91<br>103196.97 | 3326 | 32/15-16<br>9-11-15<br>99846 |
| 26 | 173/15-16<br>നെടിയ വിള-<br>വള്ളി ത്തുണ്ടിൽ<br>400000/-രൂപ | 396/15-16/<br>AEE/ SBP/<br>14-7-15 | 47/AE/<br>LS GD/<br>2015-16/<br>8-9-15 | ശ്രീജി ത്ത | 56/ 15-16<br>19.918 | 6962.30<br>138676.88 | 6744.91<br>134344 | 4333 | 68/15-16<br>26-2-16<br>377682 |
| 27 | 210/16<br>കോടൻ വിള റോഡ്<br>150000/- രൂപ | 385/ 15-16/<br>AEE/ SBP/<br>4-7-15 | 23/AE/<br>LS GD/<br>2015-16/<br>4-8-15 | രാധാ കൃഷ്ണൻ | 21/ 15-16 8 $m^3$ | 6962.30<br>55698.4 | 6744.91<br>53959 | 1739 | 1318491<br>28-10-15<br>149905 |
| | ആകെ | | | | | | | 75962 | |

3-2 ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ അപാകതകൾ.

## <u>1. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്</u>

അടങ്കൽ തുക 585000/- രൂപ(വികസനഫണ്ട്-എസ്.സി.പി.)

ചെലവ് തുക 585000/-രൂപ (39000x15)
ബിൽ നം 1/12.8.15, 195000/-
ബിൽ നം7/18-1-16 390000/-

<u>a) 2014 ൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് 2016 ൽ ലാപ്പ്ടോപ്പ് നല്കി.</u>

മേൽ പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നല്കിയതിന്റെ അപേക്ഷകൾ പരിശോധിച്ചതിൽ 2014ൽ കോഴ്സ് പൂർത്തിയാക്കിയ രണ്ട് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നല്കിയിരിക്കുന്നതായി കണ്ടു.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രൊഫഷണൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച് തൻവർഷവും പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്പ്ടോപ്പിന് അർഹതയുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകയുടെ പേര് | കോഴ്സിന്റെ പേര് / കോഴ്സ് പൂർത്തിയാക്കിയ തീയതി |
|---|---|---|
| 1 | ദീപ്തി ദിവാകരൻ, മുല്ലശ്ശേരിൽ പടിഞ്ഞാറ്റതിൽ, | CO&PA, 2014 July (പ്രൈവറ്റ് സ്ഥാപനം) |
| 2 | അഞ്ജന , വന്ദനഭവനം , തുരുത്തിക്കര | 2014 (പ്രൈവറ്റ് സ്ഥാപനം) |

തൻവർഷം പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് നല്കേണ്ടിയിരുന്ന ആനുകൂല്യം പഠനം പൂർത്തീകരിച്ച് രണ്ട് വർഷത്തോളം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് നല്കിയതിന്റെ കാരണം അന്വേഷിച്ചുകൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം 9/2-11-16) മറുപടി ലഭ്യമാക്കിയിട്ടില്ല. അർഹതയില്ലാത്തവർക്ക് ആനുകൂല്യം നല്കുന്നതിന് വേണ്ടി ചെലവഴിച്ച 78000/-(39000x2) രൂപ മേൽ വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>b)വാങ്ങിയ ലാപ്പ്ടോപ്പുകളിൽ 3 എണ്ണം നിലവിലും വിതരണം ചെയ്യാതെ സൂക്ഷിക്കുന്നു.</u>

മേൽ പദ്ധതി പ്രകാരം രണ്ട് ഘട്ടങ്ങളിലായി വാങ്ങിയ 15(10+5) ലാപ്പ്ടോപ്പുകളിൽ രണ്ടാം ഘട്ടം വാങ്ങിയ 10 ലാപ്പ്ടോപ്പുകളിൽ 7 എണ്ണം മാത്രമാണ് ഇതുവരെ വിതരണം ചെയ്തിരിക്കുന്നത്. ധനവിനിയോഗ മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയിൽ ആവശ്യമായ എണ്ണം തിട്ടപ്പെടുത്താതെ ഭാവിയിൽ ആവശ്യം വരുമെന്ന നിഗമനത്തിൽ മുൻകൂറായി പണം പിൻവലിച്ച് ചെലവഴിക്കരുതെന്ന് വ്യക്തമാക്കുന്നുണ്ട്. ഇലക്ട്രോണിക് ഉപകരണങ്ങൾ മുൻകൂറായി വാങ്ങി ദീർഘകാലം സ്റ്റോക്കിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. 3 ലാപ്പ്ടോപ്പുകൾക്ക് വേണ്ടി ചെലവഴിച്ച 113000/- രൂപ തടസ്സപ്പെടുത്തുന്നു.(3x39000) വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന ലാപ്പ്ടോപ്പുകൾ അർഹരായവർക്ക് വിതരണം ചെയ്ത് രേഖാ മൂലം ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

<u>c) പഠന രേഖകളോ അപേക്ഷയോ ഇല്ലാതെ ലാപ്പ്ടോപ്പ് നല്കി.</u>

മേൽ പദ്ധതി പ്രകാരം ലാപ്പ്ടോപ്പ് നല്കിയ ധന്യാ.എസ്.രാജ്, സാജിഭവനം, വാർഡ് 15 എന്ന വ്യക്തിയുടെ അപേക്ഷയോ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്നതാണെന്ന രേഖകളോ, പട്ടികജാതി വിഭാഗത്തിൽ പെട്ടതാണെന്ന് തെളിയിക്കുന്ന രേഖകളോ, വരുമാന സർട്ടിഫിക്കറ്റോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അർഹത തെളിയിക്കുന്നതിനുള്ള രേഖകളുടെ അഭാവത്തിൽ മേൽ വ്യക്തിക്ക് ലാപ്പ്ടോപ്പിന് വേണ്ടി ചെലവഴിച്ച 39000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>2.പത്താംക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നല്കൽ പദ്ധതി.</u>

പ്രോജക്ട് നം. so15/16

അടങ്കൽ തുക 400000/- രൂപ(വികസനഫണ്ട്- എസ്.സി.പി.)

ചെലവ് തുക 396900/-രൂപ (ബിൽ നം 3/12.8.15, 396900/-)

(ലേഡീസ് സൈക്കിൾ 4800x40, ജെന്റ്സ് സൈക്കിൾ 4650x40 )

തൻവർഷം പത്താംക്ലാസ്സിൽ പഠിക്കുന്ന നിർദ്ധനരായ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്, പത്താം ക്ലാസ്സ് വിദ്യാർത്ഥിയാണെന്നുള്ള സ്കൂൾ അധികൃതരുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സൈക്കിൾ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഈ ആനുകൂല്യം ലഭിക്കാത്തവരാണെന്ന് ഉറപ്പ് വരുത്തി, ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രം ഈ ആനുകൂല്യം നല്കാവുന്നതാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നല്കിയ വിദ്യാർത്ഥികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>a)മുൻവർഷങ്ങളിൽ പത്താംക്ലാസ്സ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നല്കി.</u>

| ക്രമ നം | പേര് വിവരം | പത്താംക്ലാസ്സിൽ പഠിച്ചിരുന്ന വർഷം | സാക്ഷ്യപ്പെടുത്തി നല്കിയിരിക്കുന്ന സ്കൂൾ |
|---|---|---|---|
| 1 | അപർണ.എസ്, കുന്നത്ത് പടിഞ്ഞാറ്റതിൽ | 2013-14 | ഹെഡ്മിസ്ട്രസ്,വി.ജി.എസ്. എസ്., അംബികോദയം എച്ച്.എസ്.എസ്, നെടിയവിള |
| 2 | ശരണ്യ,ലാവണ്യാഭവനം, പുത്തനമ്പലം | 2014-15 | ഹെഡ്മിസ്ട്രസ്, വിവേകാനന്ദാ എച്ച്.എസ് ഫോർ ഗേൾസ്, കടമ്പനാട്. |

| | | | |
|---|---|---|---|
| 3 | അഭിരാമി.എ, അമരാവതി, മാനാമ്പുഴ | 2014-15 | ഹെഡ്മിസ്ട്രസ്, വിവേകാനന്ദാ എച്ച്.എസ് ഫോർ ഗേൾസ്,കടമ്പനാട്. |
| 4 | രാഗി.എ.ആർ, പള്ളിത്തുണ്ടിൽ, എൈവർകാല | 2014-15 | ഹെഡ്മിസ്ട്രസ്, കരുവാമല എച്ച്.എസ്.എസ്, എൈവർകാല |

മേൽ സൂചിപ്പിച്ച വിദ്യാർത്ഥികൾ മുൻ വർഷങ്ങളിൽ പത്താം ക്ലാസ്സ് കഴിഞ്ഞതാണെന്ന് സ്കൂളധികൃതർ സാക്ഷ്യപ്പെടുത്തി നല്കിയിട്ടും തൻവർഷ വിദ്യാർത്ഥികൾക്ക് നല്കേണ്ടിയിരുന്ന ആനുകൂല്യം നല്കിയത് അംഗീകരിക്കുന്നില്ല. മേൽ വിഷയം സൂചിപ്പിച്ചു കൊണ്ട് നല്കിയ ഒാഡിറ്റ് എൻകയറിക്ക്(നം 9/2-11-16 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ സൂചിപ്പിച്ച വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങുന്നതിന് വേണ്ടി ചെലവഴിച്ച 19200/-രൂപ(4800x4) പ്രസ്തുത വ്യക്തികളിൽ നിന്നും ഈടാക്കി ഒാഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

b) 8,9 സ്റ്റാൻഡേർഡുകളിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ നല്കി

തൻവർഷം പത്താം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നല്കേണ്ടിയിരുന്ന ആനുകൂല്യം ചുവടെ ചേർക്കുന്ന 8, 9 സ്റ്റാൻഡേർഡുകളിലെ വിദ്യാർത്ഥികൾക്ക് 2015-16ൽ നല്കിയിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥികളെ തുടർന്നുള്ള വർഷങ്ങളിൽ സൈക്കിൾ വിതരണ പദ്ധതിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പേര് വിവരം | ക്ലാസ്സ് |
|---|---|---|
| 1 | കാർത്തിക,നടുത്തുണ്ടിൽ കിഴക്കതിൽ, തോട്ടത്തുമുറി | 8 |
| 2 | അജയകൃഷ്ണൻ, കീഴൂട്ട്തെക്കതിൽ, എൈവർകാല ഈസ്റ്റ്. | 9 |
| 3 | ദേവിക, ടി.എസ്, പൂമല വീട്, എൈവർകാല ഈസ്റ്റ് | 9 |
| 4 | നിതിൻ നാരായണൻ, പണവിള പുത്തൻ വീട്, തുരുത്തിക്കര. | 9 |
| 5 | അനുപമ.എസ്.ജി, അനുലയം, എൈവർകാല | 9 |
| 6 | രേവതി.എസ്, സന്ധ്യാലയം, തുരുത്തിക്കര | 9 |
| 7 | അനന്ദു.പി, ശോഭനാലയം | 8 |
| 8 | വിശാഖ്, പ്ലാന്തുണ്ടിൽ വീട്, പുത്തനമ്പലം | 9 |

| | | |
|---|---|---|
| 9 | ശുഭ.എസ്, സുധീഷ് ഭവനം, എൈവർകാല | 9 |
| 10 | അഖില.ആർ, അപർണാലയം, എൈവർകാല ഈസ്റ്റ് | 9 |
| 11 | അഭിജിത്ത്, പുത്തൻവിള വീട്, എൈവർകാല ഈസ്റ്റ് | 8 |
| 12 | ശ്രുതിവിശ്വം, കാർത്തിക, എൈവർകാല വെസ്റ്റ് നോർത്ത് | 9 |
| 13 | സ്വർണ.ജെ, കാവേരി പുത്തൻ വീട്, | 9 |
| 14 | ശരണ്യ.സി.എസ്, ശ്യാം ഭവനം, | 9 |
| 15 | അഞ്ജലി.ബി, മോഹനസദനം, പുത്തനമ്പലം | 8 |
| 16 | അബിൻ സുരേന്ദ്രൻ, അബിൻ ഭവനം | 9 |
| 17 | അനന്ദു.സി, അയണിവേലി വടക്കതിൽ | 9 |

c)പഠന രേഖകളോ അപേക്ഷയോ ഇല്ലാതെ സൈക്കിൾ നല്കി

മേൽ പദ്ധതി പ്രകാരം സൈക്കിൾ നല്കിയ ശരണ്യ, ശരണ്യാ ഭവനം, കുന്നത്തൂർ, വാർഡ് 13 എന്ന വ്യക്തിയുടെ അപേക്ഷയോ പത്താം ക്ലാസ്സിൽ പഠിക്കുന്നതാണെന്ന രേഖകളോ, പട്ടികജാതി വിഭാഗത്തിൽ പെട്ടതാണെന്ന് തെളിയിക്കുന്ന രേഖകളോ, വരുമാന സർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല. അർഹത തെളിയിക്കുന്നതിനുള്ള രേഖകളുടെ അഭാവത്തിൽ മേൽ വ്യക്തിക്ക് സൈക്കിളിന് വേണ്ടി ചെലവഴിച്ച 4800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

d) സർക്കാർ ജീവനക്കാരന്റെ മകന് സൈക്കിൾ നല്കിയത്.

മേൽ പദ്ധതി പ്രകാരം സൈക്കിൾ നല്കിയ നവീൻ.ആർ, ചരുവിള പ്ലാന്തുണ്ടിൽ എന്ന വ്യക്തിയുടെ അപേക്ഷ പരിശോധിച്ചതിൽ ടിയാന്റെ പിതാവ് സർക്കാർ ജീവനക്കാരനാണെന്ന് ബോദ്ധ്യപ്പെട്ടു. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.14 ൽ സർക്കാർ ഉദ്യോഗസ്ഥരുടെ കുടുംബത്തിനെ 50000/-രൂപയിൽ താഴെ വരുമാനം ഉള്ളവരായി കണക്കാക്കാവുന്നതല്ല എന്ന് വ്യക്തമാക്കുന്നുണ്ട്. അതിനാൽ സർക്കാർ ജീവനക്കാരന്റെ മകന് നിർദ്ധനരായ വിദ്യാർത്ഥികൾക്ക് നല്കേണ്ടിയിരുന്ന ആനുകൂല്യം നല്കിയതിനാൽ 4650/- രൂപ തടസ്സപ്പെടുത്തുന്നു. വരുമാനം തെളിയിക്കുന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ചു കൊണ്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക്(നം 9/2-11-16 ) മറുപടി ലഭ്യമാക്കിയിട്ടില്ല

3. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണീച്ചർ – സബ്സിഡി അധികരിച്ച നിരക്കിൽ ചെലവഴിച്ചു.

പ്രോജക്റ്റ് നം so16/16

അടങ്കൽ തുക150000/- രൂപ, വികസനഫണ്ട് എസ്.സി.പി.

ചെലവ് തുക 150000/- രൂപ (ബിൽ നം 2/12.8.15)

നിർദ്ധനരായ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കൂൾ അധികൃതരുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഫർണീച്ചർ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഈ ആനുകൂല്യം ലഭിക്കാത്തവരാണെന്ന് ഉറപ്പുവരുത്തി, ഒരു വിദ്യാർത്ഥിക്ക് പഠന കാലയളവിൽ ഒരിക്കൽ മാത്രം ഈ ആനുകൂല്യം നല്കാവുന്നതാണെന്നും മേശയും കസേരയും കൂടി വാങ്ങി നല്കുന്നതിന് 4000/- രൂപ ചെലവഴിക്കാവുന്നതാണെന്നും സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.8.3ൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഈ പദ്ധതി പ്രകാരം 30 വിദ്യാർത്ഥികൾക്ക് മേശയും കസേരയും കൂടി വാങ്ങി നല്കുന്നതിന് 150000/- രൂപ(ബിൽ നം. 2/12-8-15) ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 30 വിദ്യാർത്ഥികൾക്ക് മേശയും കസേരയും കൂടി വാങ്ങി നല്കുന്നതിന് ചെലവഴിക്കാവുന്ന പരമാവധി തുക 120000/-രൂപ(30x4000). ആയതിനാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികം ചെലവഴിച്ച 30000/-രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

<u>4.എസ്.എസ്.എ.വിഹിതം ജനറൽ & എസ്.സി- ധന വിനിയോഗ രേഖകൾ ലഭ്യമാക്കാത്തത്</u>

1.പ്രോജക്റ്റ് നംS038/16

എസ്.എസ്.എ.വിഹിതം ജനറൽ
പദ്ധതി വിഹിതം

വികസനഫണ്ട്(ജനറൽ)-660000/- രൂപ, (ബിൽ നം-6/19-11-16)

2.പ്രോജക്റ്റ് നം S047/16

എസ്.എസ്.എ.വിഹിതം എസ്.സി.

പദ്ധതി വിഹിതം

വികസനഫണ്ട്(എസ്.സി.പി)-550000/- രൂപ, (ബിൽ നം-8/21-1-16)

മേൽ പദ്ധതികൾ പ്രകാരം സർവ ശിക്ഷാ അഭിയാന് നല്കുന്നതിനുള്ള ജനറൽ & എസ്.സി വിഹിതം കൈമാറിയിട്ടുണ്ടെങ്കിലും തുകയുടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ മേൽ പദ്ധതിക്ക് വേണ്ടി ചെലവഴിച്ച 1210000/-രൂപ (660000+550000) തടസ്സപ്പെടുത്തുന്നു. എസ്.എസ്.എ യിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-3 പി.എച്ച് .സി ഇലക്ട്രിഫിക്കേഷൻ-അധികം തുക നൽകി.
പ്രോജക്ട് നം -soo39/2016
പ്രോജക്ട് പേര് -പി.എച്ച് .സി ഇലക്ട്രിഫിക്കേഷൻ
അടങ്കൽ തുക -50000/- രൂപ (വികസനഫണ്ട്), 78925/- രൂപ(തനത് ഫണ്ട്)
മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി 15-16 സാമ്പത്തിക വർഷം പി.എച്ച്.സി ഇലക്ട്രിഫിക്കേഷനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പി.ഡബ്ള്യൂ.ഡി ഇലക്ട്രിക്കൽ സബ്ഡിവിഷന്റെ

എസ്റ്റിമേറ്റ് പ്രകാരം 128925/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പി.ഡബ്ള്യൂ.ഡി ഇലക്ട്രിക്കൽ സബ് ഡിവിഷനിൽ നിന്നും 25/02/2016ൽ ലഭ്യമായ പൂർത്തീകരണ സാക്ഷ്യപത്രത്തിൽ 127428/- രൂപ ആകെ ചെലവായതായി കാണിച്ചിരിക്കുന്നു. അധികം നൽകിയ 1497/- രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-4 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് -കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല.
പ്രോജക്ട് നം-76/16

അടങ്കൽ തുക-300000/- രൂപ (തനത് ഫണ്ട്, സി.എഫ്.സി)
2-4-2015 ലെ തീരുമാനം പ്രകാരം തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡിയെ ചുമതല- പ്പെടുത്തിയിരുന്നു. തകരാറിലായ ട്യൂബ് സെറ്റുകൾ, സി.എഫ്.എൽ എന്നിവ മാറ്റിയിടുന്നതിന് ടെണ്ടർ നടത്തിയതിന് രണ്ടുപേർ മാത്രം പങ്കെടുക്കുകയും കുറഞ്ഞ ടെണ്ടർ നൽകിയ അശോകൻ, അമല ഇലക്ട്രിക്കൽസ് എന്ന വ്യക്തിയ്ക്ക് ടെണ്ടർ അംഗീകരിച്ച് നൽകുകയും എഗ്രിമെന്റ് നം AE/LSGD /1/15-16 തീ 13-05-16 പ്രകാരം 12-05-2016 വരെ കരാറുകാരൻ മെയിന്റനൻസ് നടത്തേണ്ടതുമാണ്. എന്നാൽ 2015 ആഗസ്റ്റ് വരെ മാത്രമാണ് കരാർ വർക്കുകൾ ചെയ്തിട്ടുള്ളത്, വിവിധ വാർഡുകളിലെ സ്ട്രീറ്റ് ലൈറ്റുകൾ പ്രവർത്തന രഹിതമാണെന്ന് കണ്ട് ടി വിഷയം സൂചിപ്പിച്ച് 22-12-15 ൽ അസിസ്റ്റന്റ് എഞ്ചിനീയർ, നോട്ടീസ് നൽകിയെങ്കിലും ഫയലിൽ തുടർ നടപടിയുണ്ടായതായി കാണുന്നില്ല.
കരാറുകാരൻ ടെണ്ടർ നൽകിയിരുന്ന നിരക്കുകൾ താഴെചേർക്കുന്നു.
1.40 watt ട്യൂബ് സെറ്റ്-520/- രൂപ
൨.210 watt ഡബിൾ ട്യൂബ്-600/- രൂപ
3.20watt സി.എഫ്.എൽ-380/- രൂപ
വിവിധ വാർഡുകളിൽ ട്യൂബ്സെറ്റ്, സി.എഫ്.എൽ എന്നിവ മാറ്റിയിട്ടതിൻെറ ലിസ്റ്റും വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രവും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മാറ്റി സ്ഥാപിച്ചിട്ടുള്ള ട്യൂബുകൾ, സി.എഫ്.എൽ എന്നിവയുടെ എണ്ണത്തിനനുസരിച്ച് തുക കണക്കാക്കി രേഖകൾ സൂക്ഷിച്ചിട്ടില്ല. ചെക്ക് നം. 011686/1-6-15 പ്രകാരം 190000/- രൂപയും ഡിഡി നം 252682/ 5-10-15 പ്രകാരം 109801/- രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്. മെയിന്റനൻസ് സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

3-5 HVO- മാർക്ക് ഹോണറേറിയം- തനതു ഫണ്ടിൽ നിന്ന് നൽകിയ ഇലക്ഷൻ കമ്മീഷൻ വിഹിതം തിരികെ ഈടാക്കിയിട്ടില്ല.

സംസ്ഥാന തെരെഞ്ഞെടുപ്പ് കമ്മീഷൻെ 28.10.14 ലെ 552/14/SE നമ്പർ ഉത്തരവ് പ്രകാരം ഹൗസ് വേരിഫിക്കേഷൻ ഓഫീസർമാർക്ക് 2000/- രൂപ ഹോണറേറിയം അനുവദിച്ചിരുന്നു. ഇതിൽ 500/- രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനവും, 1500/- രൂപ ഇലക്ഷൻ കമ്മീഷനും നൽകും എന്നതായിരുന്നു വ്യവസ്ഥ. എന്നാൽ ഇലക്ഷൻ കമ്മീഷൻ വിഹിതം ലഭ്യമാക്കാൻ കാലതാമസം വരുമെന്നതിനാൽ ആയതു കൂടി താൽകാലികമായി പഞ്ചായത്തു ഫണ്ടിൽ നിന്നും നൽകണമെന്നും, ഫണ്ട് ലഭ്യമാകുന്ന മുറക്ക് 1500/- രൂപ നിരക്കിലുള്ള തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റീംബേഴ്സ് ചെയ്തു നൽകുന്നതാണെന്ന് സംസ്ഥാന തെരെഞ്ഞടുപ്പ് കമ്മീഷൻ 21.03.15 ലെ

2614/എഫ്/14 നമ്പർ കത്ത് പ്രകാരം അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ 17 HVO മാർക്ക് 2000/- രൂപ നിരക്കിൽ 34000/- രൂപ തനതു ഫണ്ടിൽ വിതരണം ചെയ്തു (വൗച്ചർ നം.21500033 തീ. 12/04/15). എന്നാൽ ഇലക്ഷൻ കമ്മീഷൻ വിഹിതം നാളിതു വരെയായി റീഫണ്ട് ചെയ്ത് ലഭിച്ചിട്ടില്ല. 17 HVOമാർക്ക് 1500/- രൂപ നിരക്കിൽ 25500/- രൂപ തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ ടി തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

3-6 കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പ്രതിമാസം 193375/-രൂപ സ്ഥാപനം വാട്ടർ അതോറിറ്റിക്ക് അടവാക്കുന്നുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ഉപയോഗശൂന്യമായത്, ഉപയോഗയോഗ്യമായത് ഇവ സംബന്ധിക്കുന്ന രജിസ്റ്റർ സ്ഥാപനം പരിപാലിക്കുന്നില്ല. ആയതിനാൽ ഉപയോഗശൂന്യമായ കുടിവെള്ള ടാപ്പുകൾക്ക് സ്ഥാപനം തുക അടവാക്കുന്നുണ്ടോ എന്ന് അറിയുവാൻ കഴിയുന്നില്ല ആയതിനാൽ ജി. ഒ (ആർ.ടി) 2242/2011 തസ്വഭവ തീ 28.9.11 നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതാണ്. ഇതിൽ അധികൃതരുടെ ശ്രദ്ധ പതിയേണ്ടതാണ്.

3-7 മരുന്ന് ലഭ്യമാകുന്നതിൽ കാലതാമസം നേരിടുന്നു

പ്രോജക്ട് നം -soo39/16

അടങ്കൽ തുക-250000/- രൂപ(MG-NR)

ചെലവ് തുക-250000/- രൂപ (ബിൽ നം 5/15-16 തീ 22.3.16)

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്പറയുന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 15-16 സാമ്പത്തിക വർഷം കെഎം.എസ്.സി.എൽ. നിന്ന് മരുന്ന് വാങ്ങുന്നതിനായി 250000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മരുന്ന് ലഭ്യമായിട്ടില്ലാത്തതിനാൽ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ അധികൃതരുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടതാണ്.

3-8 വില്ലേജ് എക്സ്റ്റൻഷൻ ഒാഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികളിലെ അപാകതകൾ

<u>1. ഒരേ വ്യക്തിക്ക് തന്നെ ഭവന പുനരുദ്ധാരണത്തിനും ഭവന നിർമ്മാണത്തിനും ആനുകൂല്യം നല്കി</u>

ശ്രീമതി.ലക്ഷ്മിക്കുട്ടിയമ്മ (മേമത്ത്, എൈവർകാല ഈസ്റ്റ്, ബാങ്ക് അക്കൗണ്ട് നം 235761003066 കാനറാ ബാങ്ക്, അടൂർ) എന്ന ഗുണഭോക്താവിന് 15000/-രൂപ ഭവന പുനരുദ്ധാരണത്തിന്(S0054/16) 45000/-രൂപ 3/31-7-15 പ്രകാരം 2015 ജൂലൈ മാസത്തിൽ നല്കിയിരുന്നു. ഭവന പുനരുദ്ധാരണം നടത്തിയതായുള്ള എഞ്ചിനീയറുടെ വാലേഷൻ സർട്ടിഫിക്കറ്റില്ലാതെയാണ് തുക കൈമാറിയത്. ജവഹർ ഭവന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ഇതേ

ഗുണഭോക്താവിന് തന്നെ ഭവന നിർമ്മാണത്തിന് 2015 ഒക്ടോബർ മാസത്തിൽ (S006/16, ജവഹർ ഭവന പദ്ധതി, 14/29-10-15, 680000/-) രണ്ട് ഗഡുക്കളായി 100000/-രൂപ (40000+60000) ആനുകൂല്യം നല്കിയിട്ടുണ്ട്. ഒരേ ഗുണഭോക്താവിന് തന്നെ ഭവന പുനരുദ്ധാരണത്തിനും ഭവന നിർമ്മാണത്തിനും തൻ വർഷം ആനുകൂല്യം നല്കാനിടയായ കാരണം അന്വേഷിച്ചു കൊണ്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2-11-16) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖാ മാനദണ്ഡങ്ങൾ പ്രകാരം വാസയോഗ്യമായ ഭവനമില്ലാത്തവർക്കാണ് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകേണ്ടത്. ടിയാൾ പുതിയ ഭവനത്തിൻെറ നിർമ്മാണം ആരംഭിച്ചിട്ടുള്ളതിനാൽ ഭവന പുനരുദ്ധാരണത്തിന് തൻവർഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

2.വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളിലായി ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടെങ്കിലും പ്രസ്തുത വ്യക്തികൾ തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖാ മാനദണ്ഡങ്ങൾ പ്രകാരം എൽ.എസ്.ജി.ഡി. എഞ്ചിനീയർ/ഓവർസീയർ നല്കുന്ന വാല്വേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആനുകൂല്യം നല്കാവൂ എന്നാണ്. നിർമ്മാണം, പുനരുദ്ധാരണം, എന്നിവ നടത്തിയതായുള്ള രേഖകളുടെ അഭാവത്തിൽ ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് നല്കിയ തുകകൾ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പേര് | പ്രോജക്ട് നം | തുക | തുക |
|---|---|---|---|---|
| 1 | സുനിൽകുമാർ, അഭിഷേക് നിവാസ്, കുന്നത്തൂർ ഈസ്റ്റ്. | S0059/16, കിണർ നിർമ്മാണം | 15000 | 12/26-10-15 45000 |
| 2 | മണിയമ്മാൾ, പ്രസാദ്ഭവനം | S003/16 ഭവനപുനരുദ്ധാരണം | 17000 | 8/26-10-15 255000 |
| 3 | സുധ.സി, പ്രിയങ്കാഭവനം ,മാനാമ്പുഴ | S003/16 ഭവനപുനരുദ്ധാരണം | 17000 | do |
| 4 | സതീശൻ, സതീഷ്ഭവനം, വാർഡ് | S003/16 ഭവനപുനരുദ്ധാരണം | 17000 | 20/25-1-16, 170000 |

| | | | | |
|---|---|---|---|---|
| | | | | |
| 5 | രാധാമണി, വിജാഭവനം വാർഡ് | S054/16 ഭവനപുനരുദ്ധാരണം | 17000 | 1/20-7-15, 105000 |
| 6 | ചന്ദ്രിക വിഷ്ണുനിവാസ്, എൈവർകാല | ,, ,, | 17000 | " |
| 7 | തങ്കമ്മ, കൊല്ലംകുഴി പുതിയവിള, എൈവർകാല | ,, ,, | 17000 | 3/31-7-15, 45000 |
| | | ആകെ തുക | 117000 | |

കിണർ നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവ നടത്തിയിട്ടുള്ളവരുടെ വാലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. നിർമ്മാണ പ്രവർത്തികൾ നടത്താത്തവരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>3.എൈ.എ.വൈ.അധിക വിഹിതം നല്കൽ വിനിയോഗ സർട്ടിഫിക്കറ്റ്.</u>

പ്രോജക്റ്റ് നം So20/16 പ്രകാരം 520000/- രൂപ (. 6/14-10-15) ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

<u>4.ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.</u>

വില്ലേജ് എക്സ്റ്റൻഷൻ ഒാഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന ബിൽ പ്രകാരമുള്ള തുകകളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒാഡിറ്റ് റികിസിഷൻ (നം2/2-11-16 ) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ചുവടെ ചേർക്കുന്ന ബിൽ പ്രകാരമുള്ള തുകകൾ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | ബിൽ നം. | തടസ്സപ്പെടുത്തുന്ന തുക |
|---|---|---|

| | | |
|---|---|---|
| 1 | 5/17-8-15 | 76766 |
| 2 | 7/14-10-15 | 13224 |
| 3 | 12/26-10-15 | 45000 |
| 4 | 13/29-10-15 | 136000 |
| 5 | 19/22-1-16 | 45000 |
| 6 | 22/29-1-16 | 47600 |
| 7 | 27/29-2-16 | 25000 |
| 8 | 28/29-2-16 | 45000 |
| ആകെ | | 433590 |

3-9 കമ്പ്യൂട്ടറുകളുടെ ഹാർഡ് വെയർ, സോഫ്റ്റ്വെയർ ഇവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

സർക്കുലർ നം 86/2010/ഫിൻ 24.9.10 അനുസരിച്ച് കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്ന ഓഫീസുകളിൽ കമ്പ്യൂട്ടറുകളുടെ ഹാർഡ്വെയർ, സോഫ്റ്റ്വെയർ ഇവയ്ക്ക് പ്രത്രേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കമ്പ്യൂട്ടറുകളുടെ ലൈസൻസ് സംബന്ധിക്കുന്ന വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3-10 സബ്സിഡി തുക അധികരിച്ച് നൽകിയിരിക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ കിണർ നിർമ്മാണ പദ്ധതികളിൽ ചുവടെ ചേർക്കുന്നവയിൽ സബ്സിഡി തുക വാലേഷൻ പ്രകാരമുള്ള തുകയുടെ 75% ലും അധികരിച്ച് നല്കിയിരിക്കുന്നതായി കണ്ടു. മാർഗ്ഗരേഖ പ്രകാരം നല്കേണ്ടിയിരുന്ന സബ്സിഡി, വാലേഷൻ പ്രകാരമുള്ള തുകയുടെ 75% വും നല്കാവുന്ന പരമാവധി തുക 17000/- രൂപയും ആണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | പ്രോജക്റ്റ് നം ബിൽ നം | വാലേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ചെലവായ തുക | നല്കാവുന്ന സബ്സിഡി | നല്കിയ സബ്സിഡി | അധികം |
|---|---|---|---|---|---|---|
| 1 | ജോൺസൺ, അഖിലാഭവനം, കുന്നത്തൂർ | S074/16/ 13/21-10-15, 17000/- | 20700 | 15525 | 17000 | 1475 |
| 2 | ഗിരിജ,നിലക്കൽ തെക്കതിൽ, എെവർകാല | S009/16 | 21400 | 16050 | 17000 | 950 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ഉണ്ണി,തുണ്ടു പന്തിയിൽ വീട്,തോട്ടത്തുമുറി | | | 22000 | 16500 | 17000 | 500 |
| 4 | പൊടിച്ചി,രാജേന്ദ്ര ഭവനം,തുരുത്തിക്കര. | | | 20000 | 15000 | 17000 | 2000 |
| | | | | | | ആകെ | 4925 |

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/2-11-16) വാലേഷനിൽ വന്ന പിഴവാണെന്നാണ് മറുപടി നല്കിയത്. അധികമായി നല്കിയ സബ്സിഡി തുക മേൽ വ്യക്തികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3-11 ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1-03-1990ലെ ജി.ഒ. (ആർ.ടി)5/1990/SPD നമ്പർ ഉത്തരവിൻ പ്രകാരം കേരള സ്റ്റോർ പർച്ചേസ് മാനുവലിലെ ഖണ്ഡിക 57(a) 2 ലെ വ്യവസ്ഥകൾ ഇളവ് ചെയ്തുകൊണ്ട് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ മര/സ്റ്റീൽ ഫർണിച്ചറുകൾ നേരിട്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുവാൻ സിഡ്കോയ്ക്ക് സർക്കാർ ഒരു വർഷത്തേയ്ക്ക് നൽകിയ അനുമതി തുടർന്നുള്ള വർഷങ്ങളിലും നീട്ടി നൽകിയെങ്കിലും, സിഡ്കോ വിതരണം ചെയ്യുന്ന ഇനങ്ങൾ സൂചിപ്പിച്ച് കൊണ്ട് പുറപ്പെടുവിച്ച 11-02-09 ലെ GO(Rt)11/2009/SPD ഉത്തരവ് പ്രകാരമുള്ള വിലവിവര പട്ടികയിലുൾപ്പെട്ട ഇനങ്ങൾ മാത്രമേ ഇപ്രകാരം വാങ്ങാൻ അനുമതിയുള്ളൂ. എന്നാൽ ആയതിന് വിരുദ്ധമായി താഴെപ്പറയുന്ന പ്രോജക്ടുകളിൽ ടെണ്ടർ നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് സിഡ്കോയിൽ നിന്ന് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്.

1.പ്രോജക്ട് നം –SOO 42/15-16
പ്രോജക്ട് പേര് –സെമി ഓട്ടോ അനലൈസർ വാങ്ങൽ
അടങ്കൽ തുക -152250/- രൂപ (തനത്ഫണ്ട്)
ചെലവ് തുക – 152250 /- രൂപ(ചെക്ക് നം 011852/15-6-15)
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ഹോമിയോ

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി സിഡ്കോയിൽ നിന്നും Invoice No SSEKLM/0042/10/6/2015പ്രകാരം സെമി ഓട്ടോ അനലൈസർ വാങ്ങിയിട്ടുണ്ട്. സെമി ഓട്ടോ അനലൈസർ സിഡ്കോയിൽ നിന്നും വാങ്ങുവാൻ പ്രത്യേക ഉത്തരവുണ്ടങ്കിൽ ആയത് ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും ഉത്തരവ് ഹാജരാക്കിയിട്ടില്ല.

2. പ്രോജക്ട് നം –SOO43/15-16
പ്രോജക്ട് പേര് –ആയുർവ്വേദ ആശുപത്രിക്ക് ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ തുക -217000/- രൂപ (തനത്ഫണ്ട്)
നിർവ്വഹണം – മെഡിക്കൽ ഓഫീസർ, ആയുർവ്വേദം
മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി സിഡ്കോയിൽ നിന്നും Invoice No SMCTVLA/15-16/ 0043/25/07/2015 പ്രകാരം താഴെപ്പറയുന്ന ഇനങ്ങൾ വാങ്ങിയിട്ടുണ്ട്.
1.പ്രഷർ കുക്കർ – 10Ltr -(2 എണ്ണം) – 5000/-രൂപ
2. പ്രഷർ കുക്കർ(പ്രസ്റ്റീജ്)12Ltr -(2 എണ്ണം) -5500/-രൂപ

3. പ്രഷർ കുക്കർ (പ്രസ്റ്റീജ്)5Ltr - (3 എണ്ണം) -4500 /-രൂപ
4.സോളാർവാട്ടർ ഹീറ്റർ - 38074/-രൂപ(Invoice No SMCTVLA/15-16/0029/6/07/2015 )
എന്നാൽ സിഡ്കോയിൽ നിന്നും ടി സാധനങ്ങൾ വാങ്ങുവാൻ പ്രത്യേക ഉത്തരവുണ്ടങ്കിൽ ആയത് ഹാജരാക്കുവാൻ ഓഡിററനേഷണം നൽകിയെങ്കിലും അത്തരം ഉത്തരവ് ഹാജരാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

3-12 വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു

താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം ചെലവഴിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം/ അടങ്കൽ തുക | ചെലവ് തുക | സ്ഥാപനം |
|---|---|---|---|
| 1 | SOO 26/15-16 ആയുർവ്വേദ ആശുപത്രി -വാട്ടർ കണക്ഷൻ 19000(MG-NR) | 19000 (1/15-16 28/07/2015) | എക്സിക്യൂട്ടീവ് എൻജിനീയർ പി.എച്ച്.ഡിവിഷൻ, കൊല്ലം |

വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കി 19000/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

3-13 സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കാതെ വാങ്ങൽ നടത്തിയത്

സർക്കാർ സർക്കുലർ നം. 969/a2/2007spd/27.6.13 പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വാങ്ങലുകൾ നടത്തുമ്പോൾ G.O(p)no.3/13spd/21-6-13 സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.8-7.10 പ്രകാരം ഒരു ലക്ഷം മുതൽ 10 ലക്ഷത്തിന് താഴെ വരുന്ന വാങ്ങലുകൾക്ക് ലിമിറ്റഡ് ടെൻഡർ ഉപയോഗപ്പെടുത്തേണ്ടതും മൂന്നിലധികം സപ്ലൈയർമാരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കിയതിൽ ഈ നിബന്ധനകളൊന്നും പാലിക്കാതെ സിഡ്കോയിൽ നിന്നും വാങ്ങിയിരിക്കുകയാണ്. സിഡ്കോ ഉൽപ്പാദിപ്പിക്കുന്നവയല്ലാത്ത ഉപകരണങ്ങൾ സ്റ്റോർ പർച്ചേസ് മാന്വലിന് വിരുദ്ധമായി വാങ്ങിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് വാങ്ങലുകൾ നടത്തേണ്ടതാണ്.

| ക്രമ നം | പ്രോജക്റ്റ് നം പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | S015/16 പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ | 396900 |
| 2 | S018/16 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് | 585000 |

| | | |
|---|---|---|
| 3 | S220/16<br>സ്കൂളുകൾക്ക് മൈക്ക് സെറ്റും പ്രൊജക്റ്ററും | 149405 |

3-14 വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

ചുവടെ ചേർക്കുന്ന പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര്/ അടങ്കൽ തുക/ ചെലവഴിച്ച തുക (ബിൽ നം) | നിർവ്വഹണ ഉദ്യോഗസ്ഥൻ | തടസ്സപ്പെടുത്തുന്ന തുക |
|---|---|---|---|
| 1 | കന്നുകുട്ടി പരിപാലനം പ്രോജക്റ്റ് നം. 053/16 വികസനഫണ്ട് 181250/- രൂപ (ബിൽ നം. -2/16-11-15) തനത്ഫണ്ട് 100000/- (ചെക്കനം 036795/15-3-16) ചെലവഴിച്ച തുക 281250/- രൂപ | വെറ്ററിനറി സർജൻ | 28125 |

3-15 ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

2015-2016 സാമ്പത്തിക വർഷത്തെ എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതികളുടെ നടത്തിപ്പിന് 10676127/- രൂപയും അഡ്മിനിസ്ട്രേറ്റീവ് പർപ്പസിന് 491123/- രൂപയും ഉൾപ്പെടെ ആകെ 11167250/- രൂപ ലഭിച്ചിട്ടുണ്ട്(2014-15 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ ചെലവായ 1033799/- രൂപ ഉൾപ്പെടെ).

2015-2016 വർഷത്തെ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

1)വാട്ടർ കൺസർവേഷൻ & വാട്ടർ ഹാർവെസ്റ്റിംഗ് -6891862/- രൂപ

2)മൈക്രോ ഇറിഗേഷൻ വർക്ക് -1060167/- രൂപ

3) ലാന്റ് ഡെവലപ്പ്മെന്റ് -824679/- രൂപ

4)വർക്ക് ഓൺ ഇൻഡിവിഡ്യൂൽ കാറ്റഗറീസ് -865620/- രൂപ

ആകെ – 9642328/- രൂപ

പഞ്ചായത്തിൽ 3224 പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഇതിൽ 1250 പേർ വർക്ക് ചെയ്യുകയും തൻവർഷം 69 പേർ 100 ദിവസം കൂലി ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. മൺ ബണ്ട് നിർമാണം, ഐ.എ.വൈ. പ്രോജക്ടുകൾ എന്നിവയുടെ ഓരോ സ്റ്റേജിലും ഫോട്ടോ എടുത്തിട്ടുണ്ട്(ഡിജിറ്റൽ). അളവുകൾ എം. ബുക്കിൽ ചേർത്ത്

പേയ്മെന്റുകളിൽ കൃത്യത വരുത്തിയിട്ടുണ്ട്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-2016 | 37500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 37500 | |
| ജില്ലാ പഞ്ചായത്ത് | 2015-2016 | 37500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 37500 | |
| ജില്ലാ പഞ്ചായത്ത് | 2015-2016 | 21250 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 21250 | |
| ജില്ലാ പഞ്ചായത്ത് | 2015-2016 | 12000 | നെൽകൃഷി | 12000 | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-2016 | 7200 | നെൽകൃഷി | 7200 | |

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ്.ഇ.ബി. | പി.എച്ച്.സി. വയറിംഗ് | 74/15, 31-7-15 | 128925 | 128925 | 0 |
| കെ എസ്.ഇ.ബി | ആയുർവേദ ഡിസ്പെൻസറി വയറിംഗ് | 90/15 31-6-15 | 19000 | 19000 | 0 |
| കെ എസ്.ഇ.ബി | പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് വയറിംഗ് | 42/15 13-7-15 | 40500 | 0 | 40500 |
| കെ എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 21500940/ 26.2.2016 | 34599 | 0 | 34599 |
| കെ എസ്.ഇ.ബി | വിപണന കേന്ദ്രം വൈദ്യുതീ കരണം | 12119/12.8.15 | 101700 | 0 | 101700 |
| കേരള വാട്ടർ അതോറിറ്റി | പാകിസ്ഥാൻ മുക്ക് കുടിവെള്ള പദ്ധതി | 21500988/ 23.3.16 21501095/ 29.2.16 | 166330 | 0 | 166330 |
| കേരള വാട്ടർ അതോറിറ്റി | രാമൻ ചിറ കുടിവെള്ള പദ്ധതി | 21501059/ 31.3.16 | 280706 | 0 | 280706 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | - | 17758500 | 4998300 | 999350 | - | 3998950 |

•

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5000/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| | | 5000 | പ്രസാദ് ഡെന്നിസ്, വില്ലേജ് എക്സ്റ്റൻഷൻ ഒാഫീസർ | 11502400003/ 9-12-2015 |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-2014 | പ്രവർത്തന ക്ഷമതാ | 2013-2014 | 5.2.4-5 | എയിഡഡ് സ്കൂൾ | പരാമർശം നില |

| | | | | | |
|---|---|---|---|---|---|
| | റിപ്പോർട്ട് | | | കോമ്പൗണ്ടിൽ അൺ എയിഡഡ് സ്കൂൾ | നിൽക്കുന്നു |

4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 38732655 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58560496 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ . ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 223087 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3021790 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 75962 | ഷാനവാസ്, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ എസ്.ജി.ഡി |
| 3-2-1(a) | - | 78000 | ശ്രീ.പ്രസാദ്, ഹെഡ്മാസ്റ്റർ |
| 3-2-2(b) | | 19200 | ശ്രീ.പ്രസാദ് ഹെഡ്മാസ്റ്റർ |
| 3-2-3 | - | 30000 | ശ്രീ.പ്രസാദ് ഹെഡ്മാസ്റ്റർ |
| 3-8-1 | - | 15000 | ശ്രീ.ദീപു.ടി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-10 | - | 4925 | ശ്രീ.വിദ്യാധരൻ, |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2-1(b) | 117000 | ശ്രീ.പ്രസാദ്, ഹെഡ്മാസ്റ്റർ |
| 3-2-1(c) | 39000 | ശ്രീ.പ്രസാദ്, ഹെഡ്മാസ്റ്റർ |
| 3-2-2-c | 4800 | ശ്രീ.പ്രസാദ്, ഹെഡ്മാസ്റ്റർ |
| 3-2-4 | 1210000 | ശ്രീ.പ്രസാദ്, ഹെഡ്മാസ്റ്റർ |
| 3-5 | 25500 | ശ്രീമതി.സീമ.കെ, സെക്രട്ടറി |
| 3-7 | 250000 | ഡോ.ശ്രീഹരി.എ.ആർ, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. |
| 3-8-2 | 117000 | ശ്രീ.ദീപു.ടി, വില്ലേജ് എക്സ്റ്റൻഷൻ ഒാഫീസർ |
| 3-8-3 | 520000 | ശ്രീ.ദീപു.ടി, വില്ലേജ് എക്സ്റ്റൻഷൻ ഒാഫീസർ |
| 3-8-4 | 433590 | ശ്രീ.ദീപു.ടി, വില്ലേജ് എക്സ്റ്റൻഷൻ ഒാഫീസർ |
| 3-12 | 19000 | ഡോ.സുജ.കെ.ജോൺ, മെഡിക്കൽ ഓഫീസർ,ആയുർവ്വേദം |
| 3-14-1 | 281250 | ഡോ.അജിലാസ്റ്റ്, വെറ്ററിനറി സർജൻ |

സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാനവാസ്, അസിസ്റ്റന്റ് എഞ്ചിനിയർ, എൽ എസ്.ജി.ഡി | അസിസ്റ്റന്റ് എഞ്ചിനീയർ, കുന്നത്തൂർ ഗ്രാമപഞ്ചായത്ത് | മേലേവിള വീട്, കുണ്ടുമൺ, വെളിച്ചിക്കാല കൊല്ലം |
| ശ്രീ.പ്രസാദ്<br>ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. ഐവർകാല | പടുവത്തിൽ വീട്, മുതുപിലാക്കാട്, മുതുപിലാക്കാട് വെസ്റ്റ് പിൻ-690520 |
| ഡോ.ശ്രീഹരി.എ.ആർ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കുന്നത്തൂർ | ശ്രീശൈലം, കുരീപ്പുഴ പി.ഒ, പെരിനാട്, കൊല്ലം |
| ശ്രീ.ദീപു.ടി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുന്നത്തൂർ | ശാന്തി നികേതൻ, കുന്നത്തൂർ ഈസ്റ്റ്.പി.ഒ |
| ശ്രീ.വിദ്യാധരൻ.കെ, അസിസ്റ്റന്റ്സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കുലശേഖരപുരം ഗ്രാമ പഞ്ചായത്ത് | വിഷ്ണുപുരത്ത് ഹൗസ്, പ്രയാർ നോർത്ത്, പ്രയാർ.പി.ഒ. ഓച്ചിറ |

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ക്യു.പി.6/1384/14 തീ.26/6/14 | 7 |
| 1997-98 | എൽ.എഫ്.ക്യു.പി.6/1384/14 തീ.26/6/14 | 3 |

| | | |
|---|---|---|
| 1998-99 | എൽ.എഫ്.ക്യൂ.പി.6/1384/14 തീ.26/6/14 | 3 |
| 1999-2000 | എൽ.എഫ്.ക്യൂ.പി.6/1384/14 തീ.26/6/14 | 6 |
| 2000-2001 | എൽ.എഫ്.ക്യൂ.പി.6/1384/14 തീ.26/6/14 | 5 |
| 2001-2002 | എൽ.എഫ്.ക്യൂ.പി.6/1384/14 തീ.26/6/14 | 3 |
| 2003-2004 | എൽ.എഫ്.ക്യൂ.പി.6/1384/14 തീ.26/6/14 | 5 |
| 2004-2005 | എൽ.എഫ്.ക്യൂ.പി.6/1384/14 തീ.26/6/14 | 6 |
| 2005-2006 | എൽ.എഫ്.ക്യൂ.പി.6/1384/14 തീ.26/6/14 | 6 |
| 2006-2007 | എൽ.എഫ്.ക്യൂ.പി.6/1384/14 തീ.26/6/14 | 12 |
| 2007-2008 | എൽ.എഫ്.ക്യൂ.പി.6/1384/14 തീ.26/6/14 | 8 |
| 2008-2009 | എൽ.എഫ്.ക്യൂ.പി.6/534/12 തീ.29/5/12 | 11 |
| 2009-2010 | എൽ.എഫ്.ക്യൂ.പി.6/535/12 തീ.27/7/12 | 6 |
| 2010-2011 & 2011-2012 | എൽ.എഫ്.ക്യൂ.പി.6/1969/12 തീ.23/1/13 | 11 |
| 2012-13 & 2013-2014 | കെ.എസ്.എ.കെ.എൽ.എം/ പി6/1300/1/16-9-15 | 25 |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.കെ.എൽ.എം/ പി6/1177/2016/25തീ,01-8-16 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഒാഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, കൊല്ലം.

4-10 ഓഡിറ്റ് സാക്ഷ്യപത്രം
കെ.എസ്.എ. കെ.എൽ.എം പി.6-1842/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി, 03.02.2017

**2015-2016**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ

അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുന്നത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.